338

നം.ആർ.ആർ.1/622/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 14.01.2020

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും,

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം -സ്കൂളിന്റെ പുന:നിർമ്മാണം Crowd Fund വിനിയോഗിക്കുന്നതിനെ – സംബന്ധിച്ച്.

സൂചന:- ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 06.01.2020-ൽ കൂടിയ മീറ്റിംഗ്.

******

വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച സ്കൂളുകളുടെ പുന:നിർമ്മണത്തിനായി സ്കൂളുകളുമായി ബന്ധപ്പെട്ട അഭ്യുദയകാംക്ഷികൾ സ്പോൺസർ ചെയ്ത Crowd Fund തുകയുടെ ലിസ്റ്റ് ഇതോടൊപ്പം നൽകുന്നു.

പ്രസ്തുത ലിസ്റ്റിലെ സ്കൂളുകളിലെ പുന:നിർമ്മാണ പ്രവർത്തനങ്ങളുടെയും ഓരോ സ്കൂളിലും Crowd Fund ലഭിച്ച തുകയുടെ വിവരങ്ങൾ ഇതോടൊന്നിച്ച് അയക്കുന്നു. ടി സ്കൂളുകളിൽ നിലവിൽ എന്തെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്ന് വിവരവും, അവർക്ക് ഇനി ഈ തുക ഉപയോഗിച്ച് നടത്തേണ്ടുന്ന പ്രവൃത്തിയെ സംബന്ധിച്ച വിവരവും, അതാത് സ്കൂളുമായി ബന്ധപ്പെട്ട് ഇതോടൊപ്പം നൽകുന്ന പ്രൊർഫോർമയിൽ രേഖപ്പെടുത്തി 21.01.2020 വൈകുന്നേരം 4 മണിക്ക് മുമ്പായി *supdtrr.dge@kerala.gov.in* എന്ന ഇ-മെയിൽ മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

അടിയന്തര പ്രാധാന്യം ഇക്കാര്യത്തിന് നൽകണമെന്ന് കൂടി ഓർമ്മിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:-

1. എല്ലാ ആർ.ഡി.ഡി.മാർക്കും
2. എല്ലാ എ.ഡി മാർക്കും.

} ഇക്കാര്യത്തിൽ വേണ്ട സഹകരണം എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നൽകേണ്ടതാണ്.

എസ്.എൽ.